## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതി പഞ്ചായത്തുകൾക്ക് പുതിയ മാർഗ്ഗനിർദ്ദേശം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2973

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി കെ.കെ. ലതിക<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, സി.കൃഷ്ണൻ<br>,, എ.എം. ആരിഫ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ്പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പണികളെ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | എ) | മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി). | ഈ മാർഗ്ഗനിർദ്ദേശപ്രകാരം ഒഴിവാക്കപ്പെട്ട പണികൾ ഏതൊക്കെയാണെന്നറിയിക്കാമോ; | ബി) | 03/01/2014 ൽ പരിഷ്ക്കരിച്ച തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 1 പ്രകാരം ഒഴിവാക്കപ്പെട്ട പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.<br>1. ബ്ലോക്ക് പഞ്ചായത്തുകളുടെ രാജീവ് ഗാന്ധി സേവാ കേന്ദ്രം<br>2. പ്രകടമല്ലാത്തതും, അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ<br>3. സാധാരണ കാർഷിക പ്രവൃത്തികൾ<br>4. അസോള കൃഷി |
| (സി) | നടപ്പുവർഷത്തെ കർമ്മ പദ്ധതികൾ അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഇപ്പോൾ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | സി) | പരിശോധിച്ചിട്ടുണ്ട്. നടപ്പ് വർഷത്തെ കർമ്മ പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി ഉൽപ്പാദനപരമായ ആസ്തികൾ മുൻഗണന നൽകി ഏറ്റെടുക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ